LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തടിമില്ലുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷകളിൽ നടപടി എടുക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽനിന്നും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം വരുത്താതെ ലൈസൻസ് പുതുക്കി നൽകാൻവേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും (ആതറൈസ്ഡ് ഓഫീസർ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച കോടതി വിധികൾ ഒന്നും വന്നിട്ടില്ല.

വനഭൂമി കയ്യേറ്റം

248 (1992) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) വനഭൂമി സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ ; എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു; ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) വനഭൂമി സംരക്ഷിക്കുന്നതിനും, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് 286 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ വിശദാംശം ചുവടെ ചേർക്കുന്നു:

ജില്ല	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം
1	2
തിരുവനന്തപുരം	03
കൊല്ലം	14
പത്തനംതിട്ട	01

1	2
കോട്ടയം	01
ഇടുക്കി	73
എറണാകുളം	07
തൃശ്ശൂർ	20
പാലക്കാട്	62
മലപ്പുറം	13
വയനാട്	92
ആകെ	286

(ബി) സംസ്ഥാനത്തെ വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജെണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനംകയ്യേറ്റ ശ്രമങ്ങളും വനം കുറ്റകൃത്യങ്ങളും തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ നൽകി സജ്ജരാക്കിയിട്ടുണ്ട്. റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. 1-1-1977-ന് ശേഷമുള്ള വനംകയ്യേറ്റം ഒഴിപ്പിക്കുന്നതിന് സംസ്ഥാന-സർക്കിൾതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും, വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു. ജില്ലാടിസ്ഥാനത്തിൽ ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1436/2018.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ എണ്ണം
1	2
തിരുവനന്തപുരം	5
കൊല്ലം	11
പത്തനംതിട്ട	1
കോട്ടയം	1
ഇടുക്കി	56
തൃശ്ശൂർ	20
പാലക്കാട്	40
മലപ്പുറം	7
വയനാട്	15
കണ്ണൂർ	3
ആകെ	159

(സി) വിവിധ ബഡ്ജറ്റ് ശീർഷകങ്ങളായ സർവ്വേ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ്, ഫോറസ്റ്റ് പ്രൊട്ടക്ഷൻ, റീജനറേഷൻ ഓഫ് ഡെനുഡഡ് ഫോറസ്റ്റ് വഴിയും, കേന്ദ്രാവിഷ്കൃത സ്കീമുകളിലൂടെ ലഭ്യമായ ഫണ്ടുകൾ വഴിയും വനം സംരക്ഷിക്കുന്നതിന് തുക വിനിയോഗിച്ചുവരുന്നു. വനസംരക്ഷണത്തിനായി മേൽപ്പറഞ്ഞ ശീർഷകങ്ങളിലായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷം ഏകദേശം 8,523.792 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പുനലൂർ വനം ഡിവിഷൻ പരിധിയിലെ മരങ്ങൾ മുറിക്കുന്നതിന് അനുമതി

249 (1993) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ വനം ഡിവിഷൻ പരിധിയിൽ സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരം മുറിക്കുന്നതിന് അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും സെക്ഷൻ ഏതാണെന്നും, വ്യക്തമാക്കാമോ;

(ബി) 2011 ഏപ്രിൽ മുതൽ ഇതുവരെ പുനലൂർ വനം ഡിവിഷന്റെ പരിധിയിൽ ഉള്ള സ്ഥലങ്ങളിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിന്മേൽ തീരുമാന മെടുത്തിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly